# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 78 — 08.06.2015-ൽ മറുപടിയ്ക്ക്

### കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണം

| ചോദ്യം<br>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ഉത്തരം<br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|
| (എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്;<br><br>(ബി) ഇതിൽ നിന്നും ഏതെങ്കിലും വകുപ്പുകളെയോ, തസ്തികകളെയോ ഒഴിവാക്കുന്നതിന് നിർദ്ദേശം ഉയർന്നിട്ടുണ്ടോ;<br><br>(സി) കേരളത്തിലെ മൊത്തം വകുപ്പുകളെയും അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ ഉൾപ്പെടുത്തി ആയതിന്റെ പ്രഖ്യാപിത ലക്ഷ്യം നിറവേറ്റുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | **(എ)യും (ബി)യും (സി)യും**<br><br>കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിക്കുന്നത് സംബന്ധിച്ച് മുൻ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ കമ്മിറ്റി സമർപ്പിച്ച ദി കേസ് ഫോർ കേരളാ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് എന്ന പേരിലുള്ള പഠന റിപ്പോർട്ട് സർക്കാർ അംഗീകരിച്ച് ഉത്തരവ് (16/08/2014-ലെ സ.ഉ.(എം.എസ്.) നം.228/14/പൊ.ഭ.) പുറപ്പെടുവിച്ചിരുന്നു. തുടർന്ന് പ്രസ്തുത കമ്മിറ്റി സമർപ്പിച്ച ഭേദഗതി റിപ്പോർട്ടും സർക്കാർ അംഗീകരിച്ച് (05.01.2015-ലെ സ.ഉ.(എം.എസ്.) നം.1/15/പൊ.ഭ.വ, 08.01.2015-ലെ സ.ഉ.(എം.എസ്.) നം.9/15/പൊ.ഭ.വ.) ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മറ്റു കാര്യങ്ങൾ തീരുമാനിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ